

# കൊന്നക്കുഴി സെന്റ് ആന്റണീസ് ഇടവക

ചാലക്കുടി ആനമല റോഡിൽ 11-ാം കിലോമീറ്റർ മുതൽ 5 കിലോമീറ്റർ വരുന്ന പ്രദേശമാണ് കൊന്നക്കുഴി. മൂന്ന് ഭാഗവും മലകളാലും ഒരു ഭാഗം പുഴയാലും അതിർത്തിയായി കിടക്കുന്ന പ്രദേശത്തിന്റെ വടക്കും കിഴക്കും കുമ്പളാൻമുടിയും പടിഞ്ഞാറ് പുല്ല്മുടിയും തെക്ക് ചാലക്കുടിപ്പുഴയും ആണ് ഇടവകാതിർത്തികൾ.

1950 വരെ ഇവിടെ നിവാസികളായി ആരും ഉണ്ടായിരുന്നില്ല. അക്കാലങ്ങളിൽ പരയാരം, തൂമ്പാക്കോട്, കാഞ്ഞിരപ്പിള്ളി മുതലായ സ്ഥലങ്ങളിൽ നിന്ന് കർഷകർ ഇവിടെ വന്ന് കൃഷിപ്പണികൾ ചെയ്ത് തിരികെ പോവുകയായിരുന്നു. 1951 മുതൽ കർഷകരിൽ ചിലർ ഇവിടെ സ്ഥിരമായി താമസിച്ചുതുടങ്ങി. 1966 ആയപ്പോൾ 40 ക്രിസ്ത്യൻകുടുംബങ്ങളും അത്രതന്നെ ഹിന്ദു കുടുംബങ്ങളും നിവാസികളായിത്തീർന്നു. അപ്പോൾ തൂമ്പാക്കോട് ഇടവകയുടെ പരിധിയിൽ പെട്ടതായിരുന്നു ഈ പ്രദേശം.

ക്രിസ്ത്യൻ കുടുംബങ്ങൾ അവരുടെ മതപരമായ ആവശ്യങ്ങൾക്ക് ഒരു ദേവാലയം നിർമ്മിക്കുതിനെപ്പറ്റി ആലോചിക്കുകയും അന്നത്തെ തൂമ്പാക്കോട് പള്ളി വികാരി ബഹു. ജോൺ എടാട്ടുകാരൻ അച്ചന്റെ നേതൃത്വത്തിൽ 7 പേർ അടങ്ങുന്ന ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്ത് പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. കമ്മറ്റി അംഗങ്ങൾ: 1. വടാശ്ശേരി കൊച്ചുവറീയ്ത് ലോനപ്പൻ, 2. വടക്കുമ്പാടൻ മാത്തു ദേവസ്സിക്കുട്ടി, 3. കൈതാരൻ ഔസേഫ് തോമൻ, 4. ആച്ചാടൻ ദേവസ്സി കുഞ്ഞുവറീയ്ത്, 5. മൂത്തേടൻ പൈലോ മത്തായി, 6. മൂത്തേടൻ മത്തായി പൈലിക്കുട്ടി, 7. വട്ടോലി ഔസേഫ് പാപ്പു എന്നിവർ ആയിരുന്നു.

## ദേവാലയം, ഇടവക

കമ്മിറ്റിയുടെ ശ്രമഫലമായി തൃശ്ശൂർ സെൻട്രൽ ഹോട്ടൽ ഉടമ ശ്രീ. വില്യംസ് സായിപ്പ് അവർകൾ ദാനമായി തന്ന 13 സെന്റും വിലയ്ക്കു വാങ്ങിയ 71 സെന്റും ഉൾപ്പെട്ട സ്ഥലത്ത് അന്നത്തെ തൃശ്ശൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയിൽനിന്ന് പള്ളിപണിയുന്നതിന് അനുവാദം കിട്ടി. അതനുസരിച്ച് 1966-ൽ രൂപത വികാരി ജനറാൾ മോൺ. സക്കറിയാസ് വാഴപ്പിള്ളി കല്ലിടൽ കർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് ആലപ്പാട്ട് 1967 ആഗസ്റ്റ് 20-ന് പള്ളിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു. തൂമ്പാക്കോട് പള്ളിയുടെ കുരിശുപള്ളിയായിരുന്ന കൊന്നക്കുഴി 1979 ഫെബ്രുവരി 11-ന് സ്വതന്ത്ര ഇടവകയായി (Order No. 172/79. dt. 29.1.79) അക്കാലത്ത് അരൂർമുഴി പള്ളിയിൽനിന്ന് ഇവിടെ കാര്യങ്ങൾ നടത്തിയിരുന്ന റവ. ഫാ. വർഗ്ഗീസ് ഒ. വാഴപ്പിള്ളിയച്ചനാണ് പ്രഥമ വികാരി.

## വൈദികമന്ദിരം, സ്ഥിരംവികാരി

തൂമ്പാക്കോട്, അരൂർമുഴി, മോതിരക്കണ്ണി എന്നീ ഇടവകവികാരിമാരുടെ കീഴിലാണ് കൊന്നക്കുഴി പള്ളി പ്രവർത്തിച്ചുകൊണ്ടിരുന്നത്. 1994-ൽ കൊന്നക്കുഴി പള്ളിയുടെആദ്യത്തെ സ്ഥിരതാമസമുള്ള വികാരിയായി ബഹു. ഫാ. ആന്റണി പറമ്പത്ത് നിയമിതനായി. താമസിയാതെ പള്ളിമേട പണിയുകയും 13.11.1994-ൽ വെഞ്ചിരിക്കുകയും ചെയ്തു.

## പുതിയ പള്ളി

പള്ളിമേടയുടെ വെഞ്ചിരിപ്പോടുകൂടി 13.11.1994-ൽ നവീന ദേവാലയത്തിന്റെ കല്ലിടൽ കർമ്മവും അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. പിന്നീട് വികാരിയായിവന്ന ബഹു. ഫാ. തോമസ് മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ പുതിയ പള്ളിയുടെ പണി 1996-ൽ തുടങ്ങി. 29.8.1998-ൽ പള്ളിയുടെ കൂദാശാകർമ്മം ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. അതോടൊപ്പം പള്ളിയുടെ ഗേറ്റിന് സമീപം വി. അന്തോണീസിന്റെ സ്തൂപം പണിതു.

## സിമിത്തേരി, നവീകരണം

28.3.1969-ൽ പള്ളിയുടെ പേരിൽ പള്ളിയുടെ തെക്കുഭാഗത്ത് 250 മീറ്ററോളം മാറി വാങ്ങിയ 11 ¼ സെന്റ് സ്ഥലത്ത് പണിത സിമിത്തേരി തൃശ്ശൂർ രൂപതയുടെ മെത്രാൻ അഭിവന്ദ്യപിതാവ് മാർ ജോസഫ് കുണ്ടുകുളം വെഞ്ചിരിച്ചു.

2001-ൽ സിമിത്തേരി പുതുക്കി 120 അറകളുള്ള സെൽ മോഡൽ പണിയുകയും 2001 ഒക്ടോബറിൽ വെഞ്ചരിക്കുകയും ചെയ്തു.

## കപ്പേള

ഇടവകയിൽ പള്ളിയുടെ കിഴക്ക് 2 കിലോമീറ്റർ മാറി ശ്രീ. കാട്ടുപറമ്പൻ ചാക്കു ജോസ് സൗജന്യമായി തന്ന 5 സെന്റ് സ്ഥലത്ത് വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിൽ ഒരു കപ്പേള 1988-ൽ പണിത് വെഞ്ചിരിച്ചു.



സെന്റ് സെബാസ്റ്റ്യൻ കപ്പേള



സെന്റ് ആന്റണീസ് സ്തൂപം

## അന്തോണിയാനം കോൺവെന്റ്

പള്ളിയുടെ തെക്ക് ഭാഗത്ത് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ്സഭയുടെ അൽവേർണിയ പ്രോവിൻസിന്റെ കീഴിൽ അന്തോണിയാനം റിന്യൂവൽ കോൺവെന്റ് 1.5.96-ൽ താത്ക്കാലിക ഭവനത്തിൽ ആരംഭിച്ചു. പുതിയ ഭവനവും പള്ളിയും 1999 മാർച്ച് 25 ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ തിരുമേനി ആശീർവദിച്ചു. പരിശീലന ഭവനമായും ധ്യാനകേന്ദ്രമായും ഇപ്പോൾ ഇത് പ്രവർത്തിക്കുന്നു.



അന്തോണിയാനം എഫ്.സി.സി. കോൺവെന്റ്

## പാരിഷ്ഹാൾ

പള്ളിയോട് അനുബന്ധിച്ച് പണിത പാരിഷ് ഹാൾ അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ 26.4.2008-ൽ ആശീർവദിച്ചു.

പള്ളിയുൾപ്പെടുന്ന 84 സെന്റിനു പുറമെ പള്ളി പ്പറമ്പിനോട് ചേർന്ന് 1991-ൽ 47¼ സെന്റ് സ്ഥലം കൂടി വാങ്ങിച്ചതോടെ 1 ഏക്കർ 31 ¼ സെന്റ് സ്ഥലവും സിമിത്തേരി 11 ¼ സെന്റ് സ്ഥലവും കൂടി മൊത്തം ഒരു ഏക്കർ 42 ½ സെന്റ് സ്ഥലം പള്ളിവകയായി ഉണ്ട്.



പാരിഷ് ഹാൾ

## ദൈവവിളി

പൗരോഹിത്യവിളി സ്വീകരിച്ച് 5 പേർ സെമിനാരി പരിശീലനത്തിലാണ്. സന്യസ്തരായി 21 പേർ പല മഠങ്ങളിലായി സേവനം ചെയ്യുന്നു. ഇപ്പോൾ 10 കുടുംബ യൂണിറ്റുകളിലായി 258 വീട്ടുകാർ ഇടവകയിലുണ്ട്.

## അസ്സീസി ഭവൻ

2007-ൽ ബഹു. കപ്പൂച്ചിൻ അച്ചന്മാരുടെ അസ്സീസി ഭവൻ സ്ഥാപിതമായി. 2 വൈദികരാണ് അസ്സീസി ഭവനിലുള്ളത്.



അസ്സീസിഭവൻ



പഴയ പള്ളി